*Meridian Vol. 4 (2), 119 -122, 2015.* ISSN 2278-750x

# പെണ്ണെഴുത്തിന്റെ രാഷ്ട്രീയം

## (മലയാളത്തിലെ തിരഞ്ഞെടുത്ത കഥകളെ മുൻനിർത്തിയുള്ള പഠനം)

**സിനു വർഗീസ് ***

സ്ത്രീ വിമോചന പ്രസ്ഥാനങ്ങളും സ്ത്രീ ശാക്തീകരണവും സ്ത്രീ നേരിടുന്ന പ്രശ്നങ്ങളും എല്ലാം ഇന്ന് വളരെ സജീവമാണ്. അതുപോലെ തന്നെ സ്ത്രീകൾ ഇന്ന് വിദ്യാസമ്പന്നരും ഉയർന്ന പദവിയിൽ ജീവിക്കുന്നവരുമാണ്. എങ്കിൽത്തന്നെയും ജാതീയവും സാംസ്കാരികവും മതപരവും വിദ്യാഭ്യാസപരവുമായ തുല്യതയ്ക്കതീതമായി സ്ത്രീകൾക്കുമേലുള്ള ആൺ കോയ്മ ഇന്നും നിലനിൽക്കുന്നു. സ്ത്രീകൾ വിദ്യാസമ്പന്നരാണിന്ന്.' സമൂഹത്തിൽ ഉയർന്ന ഉദ്യോഗസ്ഥകളുമാണ് പലരും. എന്നാൽ വീടിനു പുറത്തുപോയി ജോലി ചെയ്യുന്നതു പോലെ തന്നെ വീടിനകത്തുള്ള ചുമതലകൾ നിർവഹിക്കുന്നതും അവർ തന്നെയാണ്. ഇപ്രകാരം കുടുംബത്തിലും സമൂഹത്തിലും സ്ത്രീകൾ അനുഭവിക്കുന്ന ദുരന്തങ്ങൾ, പുരുഷ മേധാവിത്വ സമൂഹത്തിലെ സ്ത്രീകളുടെ അവസ്ഥ എന്നിവ ലളിതാംബിക അന്തർജ്ജനം, കെ. സരസ്വതിയമ്മ, മാധവിക്കുട്ടി, അഷിത, ഗ്രേസി, സാറാ ജോസഫ്, സിതാര തുടങ്ങി വിവിധ കാലഘട്ടങ്ങളിലെ എഴുത്തുകാരികൾ എങ്ങനെ കൈകാര്യം ചെയ്യുന്നു എന്നതാണ് ഇവിടെ ചർച്ച ചെയ്യുന്നത്.

കുടുംബഘടനയ്ക്കുള്ളിൽ സ്ത്രീകൾ അനുഭവിക്കുന്ന സംഘർഷങ്ങളാണ് പലപ്പോഴും അന്തർജനത്തിന്റെ കഥയ്ക്കു വിഷയമായിട്ടുള്ളത്. മലയാളസാഹിത്യത്തിൽ സ്ത്രീയുടെ സ്വത്വബോധത്തെ അടയാളപ്പെടുത്തിക്കൊണ്ട് കടന്നുവന്ന എഴുത്തുകാരി ലളിതാംബിക അന്തർജനമാണ് എന്ന് സച്ചിദാനന്ദൻ പറയുന്നു. 'ഇത് ആശാസ്യമാണോ' എന്ന കഥ തുറന്നിടുന്ന വായനയും ഇതു തന്നെയാണ്. ഭാര്യയും എഴുത്തുകാരിയും ഒരാളായിരിക്കുമ്പോൾ അനുഭവിക്കേണ്ടി വരുന്ന സംഘർഷങ്ങൾ ഈ കഥയിൽ കാണാം. അതുപോലെ തന്നെ ഒരു വീട്ടമ്മയുടെ ദൈനംദിന ജീവിതവും ഈ കഥ വെളിപ്പെടുത്തുന്നു. ഉച്ചയുറക്കത്തിന്റെ ആലസ്യവുമായി കടന്നുവന്ന് കാപ്പിയാവശ്യപ്പെടുന്ന ഭർത്താവിനെ അവതരിപ്പിച്ചുകൊണ്ടാണ് കഥ ആരംഭിക്കുന്നത്. കാപ്പി തയ്യാറായിട്ടില്ല എന്ന് കണ്ട് അയാൾ കോപിക്കുന്നു. പുരോഗമന വാദിയായിരുന്ന അയാൾ താനനുവദിച്ചുകൊടുത്ത സ്വാതന്ത്ര്യത്തിന്റെ തിക്തഫലമായാണ് കാപ്പി കിട്ടാൻ വൈകിയതിനെ കാണുന്നത്. 'ഞാൻ കൊറച്ചൊക്കെ അനുവദിച്ചു തരുന്നൂന്ന് വെച്ച് ഏറണ്ടാട്ടോ, കുറ്റമല്ല ഇവറ്റെ അടിച്ചമർത്തി അടുക്കളേൽ തന്നെ വെച്ചോണ്ടിരിക്കുന്നത്". തൊട്ടുമുൻപ് കൈയിലെടുത്ത വർത്തമാന പത്രം താഴെ വച്ച് മുല കുടിച്ചുകൊണ്ടിരുന്ന കുട്ടിയെ മാറ്റിയിരുത്തി ഭർത്താവിന് കാപ്പിയെടുക്കാൻ പോകുന്ന ഭാര്യ, ഇത് മുപ്പതുകളിലെ മാത്രമല്ല ഇന്നത്തെയും കുടുംബചിത്രമാണ്. പത്രവായനയ്ക്കു പോലും സമയം ലഭിക്കാത്തവിധം ദുർവഹമായിരുന്നു അവളുടെ ജീവിതം. കുടുംബ ജീവിതവും സ്വന്തം സാമൂഹ്യബോധവും സാഹിത്യജീവിതവും എല്ലാ ഒരു പോലെ മുന്നോട്ടു കൊണ്ടു പോകുവാൻ സ്ത്രീ എന്നും ബുദ്ധിമുട്ടനുഭവിക്കുന്നു. സാമൂഹികവും സാമുദായികവുമായ പ്രവർത്തനങ്ങൾ വ്യക്തി ജീവിതത്തെ ബാധിക്കാതിരിക്കാൻ സ്ത്രീക്ക് എത്രമാത്രം ക്ലേശമനുഭവിക്കേണ്ടി വരുന്നുവെന്ന് ഈ കഥ വ്യക്തമാക്കുന്നു. പെണ്ണിന് സ്വസ്ഥമായി ഇരുന്ന് എഴുതാനൊരിടവും ചിന്തിക്കാൻ സാവകാശവും നിഷേധിക്കുമ്പോൾ ആണ് ആ എഴുത്ത് പ്രതിരോധത്തിന്റെ അടയാളമായി മാറുന്നത്. 'എ റൂം ഓഫ് വൺസ് ഓണി'ൽ വെർജിനിയ വൂൾഫ് പറയുന്നു: സ്ത്രീകൾ ഇന്നോളം പുരുഷന്മാർക്ക് നോക്കാനുള്ള നിലക്കണ്ണാടിപോലെയാണ് നില കൊണ്ടിട്ടുള്ളത്. അവൾ സ്വന്തമായ അർത്ഥങ്ങൾ സൃഷ്ടിക്കുന്നില്ല. പുരുഷന്റെ വിഭ്രാന്തികളും നിർബന്ധങ്ങളും ചേർത്തൊരുക്കുന്ന ഘടനയ്ക്കകത്താണ് അവൾ നിർവ്വചിക്കപ്പെടുന്നത്. സ്ത്രീ അവളെത്തന്നെ കാണാൻ തുടങ്ങുന്നതിന്റെ തുടക്കമെന്ന നിലയിൽ പുരുഷന്റെ കേന്ദ്രസ്ഥാനഘടനയെ അപനിർമ്മിക്കുകയാണ് എഴുത്തുകാരികൾ ചെയ്യുന്നത്.

ലളിതാംബിക അന്തർജനം തന്റെ ആത്മകഥയിൽ പറയുന്നു: 'ഞാനിന്നോളം രാത്രിയിലേ വല്ലതും എഴുതിയിട്ടുള്ളൂ. രാത്രി പത്തു മണിയക്ക് സമസ്ത ജീവജാലങ്ങളും ഉറങ്ങുന്ന സമയം ഉണർന്നിരുന്ന് ഞാൻ എഴുതും. പലപ്പോഴും നേരം വെളുക്കുന്നതുവരെ. ഈ കഥയിലെ പാപ്പി എന്ന കഥാപാത്രവും ഇങ്ങനെ തന്നെയാണ്. 'അർദ്ധരാത്രിയിലെ അന്ധകാരത്തിൽ സർവ്വവും നിശബ്ദം. ആ ഭവനത്തിൽ അങ്ങുമിങ്ങും നിന്ന് കനത്ത കൂർക്കം വലിയുടെ ഒച്ചകൾ മാത്രം കേൾക്കാം. പാപ്പി മന്ദം മന്ദം എണീറ്റ് ഭർത്താവിന്റെ അടുത്തു ചെന്നു നോക്കി. അദ്ദേഹം ഗാഢ നിദ്രയിലമർന്നിരുന്നു. അവൾ പതുക്കെ മേശമേൽ നിന്ന് കടലാസും പേനയും എടുത്തു. അടുത്ത മുറിയിലേക്ക് കടന്ന് താഴ്ത്തി വെച്ചിരുന്ന വിളക്കിന്റെ തിരിനീട്ടി അതിവേഗം എന്തോ എഴുതാൻ തുടങ്ങി'.

സാഹിത്യവാഞ്ഛയെ നിലനിർത്താൻ, അതിനെ ഫലവത്താക്കാൻ സ്ത്രീകൾക്ക് വളരെയധികം കഷ്ടപ്പെടേണ്ടിയിരുന്നു. സാഹിത്യസദസ്സുകളും സ്നേഹിതന്മാരുമായുള്ള ചർച്ചകളും എല്ലാം സാധ്യമായിരുന്നത് പുരുഷന്മാർക്കു മാത്രമായിരുന്നു. കുടുംബത്തിനുള്ളിൽ തനിക്ക് മാത്രമായി മാറ്റി വച്ചിരിക്കുന്ന ഒരിക്കലും തീരാത്ത കടമകൾ/ജോലികൾ അവളുടെസാഹിത്യജീവിതത്തിനു തടസ്സമായി നിലകൊണ്ടു. ദൈനംദിന ഗാർഹിക കർത്തവ്യങ്ങൾക്കിടയിൽ വ്യക്തിബന്ധങ്ങൾക്ക് പോറലേല്പിക്കാതെ എഴുത്തുകാരിയായി ജീവിക്കുക എന്നത് സ്ത്രീക്ക് വെല്ലുവിളി തന്നെയാണ്.

ലളിതാംബികയുടെ കുടുംബിനിമാർ പുരുഷാധികാരത്തോടുള്ള അമർഷം ഉള്ളിലൊതുക്കുമ്പോൾ ഈ സൗമ്യത

*ഗവേഷക, യു. സി കോളേജ്**

യുടെ നിഷേധമാണ് സരസ്വതിയമ്മയുടെ കഥകളിൽ കാണുന്നത്. നിയന്ത്രണങ്ങൾക്കും നിയമങ്ങൾക്കും വിധേയമായ മനുഷ്യ ജീവിതത്തിൽ ഒരു തടവു പുള്ളിക്കു കിട്ടുന്ന കഠിന തടവു പോലെയാണ് സ്ത്രീ ജന്മമെന്ന് സരസ്വതിയമ്മ പറയുന്നു. പുരുഷാധിപത്യത്തിൽ നിന്ന് മുക്തരാകാൻ ശ്രമിക്കാതെ ആ അടിമത്തത്തിൻ കീഴിൽ ജീവിതം ജീവിച്ചു തീർക്കുന്ന സ്ത്രീയെ സരസ്വതിയമ്മയുടെ 'മധുരപലഹാരം' എന്ന കഥയിൽ കാണാം. കുടുംബത്തിലെ സഹനങ്ങൾക്ക് പ്രതിഫലമായി സ്ത്രീക്ക് സ്നേഹം ലഭിക്കുന്നു. ആ സ്നേഹത്തിനുവേണ്ടി എന്തു ത്യാഗത്തിനും അവൾ സന്നദ്ധയാകുന്നു. സ്ത്രീയെ തന്റെ ചൊൽപ്പടിയിൽ നിർത്തുവാനും പുരുഷാധികാരത്തെ മറച്ചുവയ്ക്കുവാനും പര്യാപ്തമായ ഒരായുധമായി ഇവിടെ സ്നേഹം മാറുന്നു. തന്റെ യഥാർത്ഥമായ അവസ്ഥ അവൾ ഒരിക്കലും മനസ്സിലാക്കുന്നില്ല, അല്ലെങ്കിൽ മനസ്സിലാക്കാൻ പുരുഷൻ അവളെ അനുവദിക്കുന്നില്ല.

'സ്ത്രീയെ സംബന്ധിച്ചിടത്തോളം സ്നേഹം വല്ലാത്തൊരു മധുരപലഹാരമാണ് ആ മാധുര്യത്തിൽ മയക്കി, ഒരു മാസ്മര വിദ്യക്കാരനെപ്പോലെ നിങ്ങൾക്കവളെ എവിടെയും കൊണ്ടു പോകാം, എന്തും ചെയ്യിക്കാം. ആ വികാര മൂർച്ഛയിൽ നിന്നും അവളുടെ ചേതനയെ ഉണർത്താൻ, അവളുടെ ബുദ്ധിക്കും വിവേകത്തിനും തരം കൊടുക്കാതെ നിങ്ങൾ ശ്രദ്ധിച്ചാൽ മാത്രം മതി' എന്ന് ഈ കഥയ്ക്ക് ആമുഖമായി സരസ്വതിയമ്മ പറയുന്നു.

രക്ഷിതാക്കളുടെ അറിവോടെയും സമ്മതത്തോടെയുമുള്ള പ്രേമവിവാഹമായിരുന്നു കാന്തിമതിയുടേയും സുരേന്ദ്രന്റെയും. വിവാഹം കഴിഞ്ഞ് അവർ മറ്റൊരു വീട്ടിലേക്ക് താമസം മാറുന്നു. കാന്തിമതിയുടെ വസ്ത്രാധാരണം, ഭക്ഷണം തുടങ്ങി തികച്ചും വ്യക്തിപരമായ കാര്യങ്ങളിൽ പോലും അവളറിയാതെ മാറ്റം സംഭവിക്കുകയാണ്. സ്നേഹത്തിലൂടെ തന്റെ ഭാര്യയുടെ സ്വാതന്ത്ര്യത്തെ കവർന്നെടുക്കുന്നു ഭർത്താവ്. അവളുടെ വസ്ത്രധാരണവും നടപ്പും കിടപ്പും ഭക്ഷണ രീതികളും തന്റെ ഇഷ്ടമനുസരിച്ച് ചിട്ടപ്പെടുത്തുന്നു. അനുസരിപ്പിക്കലിന്റെ വേറൊരു മുഖമാണിത്. ദാമ്പത്യത്തിൽ സ്ത്രീക്ക് തന്റേതായ ഇടവും ഇഷ്ടങ്ങളും നഷ്ടമാകുന്നത് പുരുഷന്റെ അധികാരം കൊണ്ടല്ല, സ്നേഹത്തിന്റെ അവകാശം കൊണ്ടാണ് എന്ന് സ്ത്രീ തെറ്റിദ്ധരിക്കുന്നു. ഒരു വ്യക്തി എന്ന നിലയിൽ അവർ ഒന്നുമല്ലാതായിത്തീരുന്നു. എങ്കിലും ഇതുവരെ ഭർത്താവിൽ നിന്നും മർദ്ദനമേൽക്കേണ്ടി വന്നിട്ടില്ലല്ലോ എന്നവൾ ആശ്വസിക്കുന്നു. എന്നാൽ ജോലി കഴിഞ്ഞ് ക്ഷീണിച്ചെത്തിയ ഭർത്താവിന് ഒരു ദിവസം അബദ്ധവശാൽ അവൾ നൽകിയത് മധുരം ചേർക്കാത്ത ചായയായിരുന്നു. ക്രുദ്ധനായ ഭർത്താവ് ചായ അവളുടെ ദേഹത്തൊഴിക്കുകയാണ്. എന്നാൽ ചായക്കപ്പുകൊണ്ട് എറിഞ്ഞില്ലല്ലോ എന്ന് അവൾ അതിനെ വിസ്മരിക്കുവാൻ ശ്രമിക്കുമ്പോൾ അയാളുടെ കോപം മർദ്ദനമായി മാറുന്നു. ഭാര്യയുടെ മുഖഭാവം ഒരു പൊട്ടിത്തെറിയുടേതാണ് എന്ന മനസ്സിലാക്കുന്ന ഭർത്താവ് അതിനവസരം നൽകാതെ അവളെ മാറോടു ചേർത്താശ്വസിപ്പിക്കുന്നു. ഇവിടെ ഭർത്താവിന്റെ അധികാരത്തിന്റെ ചിഹ്നമാണ് ആ ആശ്ലേഷം. പലപ്പോഴും ദാമ്പത്യങ്ങളുടെ അകം ഇതുപോലെ സ്ത്രീയുടെ കണ്ണീരും ദീർഘനിശ്വാസങ്ങളും ചേർന്നതാണ്. സ്ത്രീയുടെ, ഭാര്യയുടെ സ്വാതന്ത്ര്യവും, അവകാശങ്ങളും, പൊട്ടിത്തെറിയും എല്ലാം പുരുഷൻ സ്നേഹമെന്ന ആവരണം കൊണ്ട് മൂടി വയ്ക്കുന്നു. വിവാഹം വരെ സ്വന്തം ശരീരത്തിന്മേൽ അവൾക്ക് അവകാശമുണ്ട്. എന്നാൽ വിവാഹമെന്ന പവിത്രമയ ബന്ധത്തിനുള്ളിൽ അകപ്പെടുന്നതോടെ ശരീരത്തിലുള്ള അവകാശവും അവൾക്ക് നഷ്ടമാകുന്നു. പുരുഷന്/ഭർത്താവിന് എപ്പോൾ വേണമെങ്കിലും ഉപയോഗിക്കാവുന്ന 'വസ്തു' എന്ന നിലയിലേക്ക് അവളുടെ/സ്ത്രീയുടെ ശരീരം മാറുന്നു. വിവാഹത്തിനുമുൻപ് സ്ത്രീശരീരത്തിനുമേൽ പുരുഷന്റെ കടന്നാക്രമണം പീഢനമായി എണ്ണുമ്പോൾ വിവാഹശേഷം ഭാര്യയുടെ ശരീരം ഭർത്താവിന് അവകാശപ്പെട്ടതാകുന്നു. ആ ശരീരത്തിൽ എന്തുവിധ പേയ്ക്കൂത്തും നടത്താൻ പലപ്പോഴും പുരുഷനുള്ള ലൈസൻസാകുന്നു വിവാഹബന്ധം. സ്ത്രീയും നമ്മുടെ വളർത്തുമൃഗങ്ങളും ഒരു പോലെയാണെന്നാണ് സരസ്വതിയമ്മയുടെ അഭിപ്രായം. ഇരുവരും യജമാനന്റെ ആധിപത്യത്തിൽ നിന്ന് വിടുതൽ ലഭിക്കാൻ ശ്രമം നടത്തുന്നില്ല. സ്ത്രീയുടെ ഈ വിധേയത്വത്തെ സരസ്വതിയമ്മ തന്റെ കഥകളിലൂടെ പുറത്തുകൊണ്ടുവരാൻ അവർ ശ്രമിക്കുന്നു. 'ചോലമരങ്ങൾ' എന്ന കഥ സ്ത്രീക്ക് നഷ്ടമാകുന്ന സ്വാതന്ത്ര്യത്തെക്കുറിച്ച് പറയുമ്പോൾ 'കീഴ്ജീവനക്കാരി,' 'വിവാഹവ്യവസായം' തുടങ്ങിയവ ഭർത്താവിനും കുടുംബത്തിനും വേണ്ടി ബലിയാടാകേണ്ടിവരുന്ന സ്ത്രീകളെ കാണിച്ചുതരുന്നു.

ഒരേ കാലഘട്ടത്തിലാണ് ലളിതാംബിക അന്തർജനത്തിന്റെയും സരസ്വതിയമ്മയുടെയും കഥകൾ പുറത്തു വന്നത്. നമ്പൂതിരി സമുദായത്തിനുള്ളിലെ സ്ത്രീയുടെ അവസ്ഥകൾ അന്തർജനം കഥകൾക്കു പശ്ചാത്തലമാക്കിയപ്പോൾ സാധാരണ സ്ത്രീയനുഭവിക്കുന്ന ദുരിതങ്ങളാണ് സരസ്വതിയമ്മ വിഷയമാക്കിയത്.

'ലോകം ഒരു കവയിത്രിയെ നിർമ്മിക്കുന്നു' എന്ന മാധവിക്കുട്ടിയുടെ കഥയിലേക്കെത്തുമ്പോൾ കുടുംബജീവിതത്തിന്റെ വേറൊരു തലമാണ് കാണാൻ കഴിയുന്നത്. കിട്ടാത്ത സ്നേഹം തേടി അലയുന്ന നായികയാണ് ഇവിടെയുള്ളത് സ്നേഹം ലഭിക്കുന്നതിനു വേണ്ടിയാണ് അവൾ വിവാഹം ചെയ്തത്. എന്നാൽ അവൾ കൊടുക്കുന്ന സ്നേഹം അവൾക്ക് തിരിച്ചു ലഭിക്കുന്നില്ല. സ്ത്രീകളെ വെറും കളിപ്പാട്ടമായി മാത്രം കണ്ടിരുന്ന അയാൾ സ്വന്തം ഭാര്യയുടെ മുന്നിൽ വച്ചു പോലും മറ്റു സ്ത്രീകളുമായി അതിരുകവിഞ്ഞ ബന്ധം പുലർത്തുന്നു.ഇവിടെ സ്ത്രീയുടെ വികാരങ്ങൾക്കോ വ്യക്തിത്വത്തിനോ അഭിലാഷങ്ങൾക്കോ ഒന്നും കുടുംബം തുണയാകുന്നില്ല. ഭർത്താവിന്റെ വിവാഹേതര ബന്ധങ്ങളും സ്നേഹമില്ലായ്മയും അവളെയും അത്തരം ബന്ധങ്ങളിൽ കൊണ്ടെത്തിക്കുന്നു. കിടപ്പറയിലേക്ക് നിറഞ്ഞ സ്നേഹവുമായി എത്തുന്ന ഭാര്യ കാണുന്നത് ഭർത്താവ് അമ്പരന്നു നിൽക്കുന്നതാണ്. സ്ത്രീക്ക് കിടപ്പറയിൽ സ്നേഹം അനിവാര്യമാണ്. എന്നാൽ പുരുഷൻ പലപ്പോഴും അതാവശ്യപ്പെടുന്നില്ല. പുരുഷനാവശ്യം സ്ത്രീയുടെ ശരീരം മാത്രമാണ്. താൻ കൊതിച്ച സ്നേഹം

അവൾക്ക് ഒരിക്കലും കണ്ടെത്താൻ കഴിയുന്നില്ല. ദാമ്പത്യബന്ധത്തിലെ പൊരുത്തക്കേടുകൾ അവളുടെ ജീവിതത്തെ തന്നെ ബാധിക്കുന്നു. എല്ലാ ബന്ധങ്ങളിലും സ്നേഹം ഒരു നാട്യം മാത്രമാണ്. ആധുനിക കുടുംബഘടനയിലെ സ്ത്രീയുടെ പരാജയം ഇവിടെയാണ് ആരംഭിക്കുന്നത്. കുടുംബജീവിതത്തിനുള്ളിലെ നാട്യങ്ങളെ പരിഹാസത്തോടെയാണ് അവർ കാണുന്നത്. സമൂഹമനസ്സിൽ ഉറച്ചുപോയ ചിന്തകളെ മാധവിക്കുട്ടിയുടെ കഥാപാത്രങ്ങൾ വെല്ലുവിളിക്കുന്നു. ദാമ്പത്യജീവിതം ഒരുതരം അഭിനയമാണെന്നും അവിടെ സ്ത്രീ പുരുഷന്റെ നിയമാവലികൾക്കനുസരിച്ച്/സമൂഹത്തിന്റെ വ്യവസ്ഥാപിത സങ്കൽപ്പങ്ങൾക്കനുസരിച്ച് ചിട്ടപ്പെടുത്തിയെടുക്കുന്ന ഒരു 'ബൊമ്മ' മാത്രമാണെന്നും വ്യക്തമായി പറയുന്നവരാണ് മാധവിക്കുട്ടിയുടെ സ്ത്രീ കഥാപാത്രങ്ങൾ. 'ഇപ്പോഴത്തെ പെൺകുട്ടികൾക്ക് വിദ്യാഭ്യാസവും ഉദ്യോഗവും കിട്ടിയതുകൊണ്ട് അവർക്ക് സ്വാതന്ത്ര്യം കിട്ടിയെന്ന് എനിക്ക് വിശ്വാസമില്ല. അവർ നേടിയതിനേക്കാളേറെ നഷ്ടപ്പെടുത്തുകയാണുണ്ടായത്. യഥാർത്ഥത്തിൽ ഒരു മൂന്നു ദിവസമെങ്കിലും പഴയ സ്ത്രീയായിട്ട് ജീവിക്കുവാൻ എനിക്ക് കൊതിയുണ്ട്" (സ്നേഹത്തിന്റെ സ്വർഗ്ഗവാതിലുകൾ).

സ്ത്രീ അനുഭവിക്കുന്ന സഹനത്തിന്റെയും ഒപ്പം അവളുടെ മനസ്സിന്റെ ചെറുത്തുനിൽപ്പിന്റെയും കഥകളാണ് ഗ്രേസിയുടേത്. ഫെമിനിസ്റ്റ് എഴുത്തുകാരി എന്ന വിശേഷണം ഇഷ്ടപ്പെടാത്തപ്പോൾ തന്നെയും ആ കഥകൾ സ്ത്രീ സ്വാതന്ത്ര്യത്തിന്റെ ആവിഷ്കാരങ്ങളായി മാറുന്നു. നിത്യജീവിതത്തിൽ കുടുംബവും ഉദ്യോഗഭാരവും ഒരുപോലെ കൊണ്ടുപോകേണ്ടിവരുന്ന സ്ത്രീയുടെ അവസ്ഥയാണ് 'ഭിന്നസംഖ്യ' യിലൂടെ അവതരിപ്പിക്കുന്നത്. ഒരു മനുഷ്യജീവിയാണെന്ന പരിഗണന പോലും അവൾക്ക് ആരും നൽകുന്നില്ല. അതുകൊണ്ടുതന്നെ എല്ലാവരെയും തന്റെ ജീവിതംകൊണ്ട് പാഠം പഠിപ്പിക്കുവാൻ അവൾ തീരുമാനിക്കുന്നു. സ്നേഹത്തിന്റെയും അതിലുൾച്ചേർന്ന ജീവിതത്തിന്റെയും പാഠം തന്റെ മരണത്തിലൂടെ ഭർത്താവിനു മനസ്സിലാക്കിക്കൊടുക്കുന്ന നായികയാണ് ഭിന്നസംഖ്യയിലേത്. പാറ എന്ന കഥ ഇങ്ങനെ അവസാനിക്കുന്നു: 'നിങ്ങൾക്ക് ഹൃദയത്തിന്റെ സ്ഥാനത്ത് ഒരു പാറയാണുള്ളത്. അതിന്റെ കടുപ്പമാകട്ടെ ഏറിക്കൊണ്ടിരിക്കുകയും. എനിക്ക് ഞെട്ടാൻ കഴിഞ്ഞില്ല. ഞെട്ടുന്നതെങ്ങനെയാണെന്ന് ഞാൻ മറന്നുതുടങ്ങിയിരിക്കുന്നു. എന്റെ ഉണങ്ങി വരണ്ട മാറിടങ്ങളിലേക്ക് തുറിച്ചുനോക്കി അയാൾ തുടർന്നു. നിങ്ങളിലെ ആർദ്രതയുടെ അവസാന തുള്ളിയും വറ്റിക്കൊണ്ടിരിക്കുകയാണ്. നിർവ്വികാരമായി പുറത്തുകടക്കുമ്പോൾ ഞാനറിഞ്ഞു. ഇതു തിരുവെഴുത്തിന് പുതിയൊരനുബന്ധമാണ്. തിളച്ച വെയിലിൽ നിന്ന ഞാനാകാശത്തേക്ക് മുഖമുയർത്തി ഈ പാറയിന്മേൽ നീ പണിയാനുദ്ദേശിക്കുന്നതെന്ത്?' തിരുവെഴുത്തിന്റെ അനുബന്ധമായി സ്വന്തം ദുരവസ്ഥയെ കാണുന്ന ഗ്രേസിയുടെ ഈ കഥാപാത്രം സ്ത്രീജീവിതത്തെത്തന്നെ ഒരു ചോദ്യചിഹ്നമാക്കി മാറ്റുന്നു.

അഷിതയുടെ സ്ത്രീകഥാപാത്രങ്ങൾ സ്ത്രീമനസ്സിനെ/ചിന്തകളെ സൂക്ഷ്മമായി കാണിച്ചു തരുന്നവരാണ്. പരിഷ്കൃത സമൂഹത്തിന്റെ ജീവിതത്തിനുള്ളിലെ കാപട്യങ്ങൾ തുറന്നു കാട്ടുന്ന കഥയാണ് 'അമ്മ എന്നോടു പറഞ്ഞ നുണകൾ'. രണ്ടു തലമുറകൾ തമ്മിലുളള വീക്ഷണ വ്യത്യാസം ഈ കഥയിലുണ്ട്. ഭർത്താവിന്റെ മനസ്സിലേക്കുളള വഴി നേരത്തും കാലത്തും വെച്ചു വിളമ്പി വീടുകൊണ്ടുനടക്കൽ ആണെന്ന് അമ്മ മകളെ ഉപദേശിക്കുന്നു. എന്നാൽ കാലം, രണ്ടു തലമുറകൾ തമ്മിലുളള അന്തരം ആ അമ്മ മനസ്സിലാക്കുന്നില്ല. തന്റെ ഭാര്യ അടുക്കളയിലും കിടപ്പുമുറിയിലും ഒരുപോലെ വൈദഗ്ദ്ധ്യം നേടണമെന്ന് ഇന്നത്തെ പുരുഷൻ ആഗ്രഹിക്കുന്നു. സ്വന്തം മനസ്സും താത്പര്യങ്ങളും ഉപേക്ഷിച്ച് ഭർത്താവിനുവേണ്ടി കൊഴുത്തുരുണ്ട ശരീരം മാത്രമായിത്തീരുകയാണ് ഇവിടെ ഭാര്യാധർമ്മം. സ്ത്രീയുടെ ആഗ്രഹങ്ങളും ആവശ്യങ്ങളും താല്പര്യങ്ങളും എല്ലാം ഇവിടെ നഷ്ടപ്പെടുന്നു. 'കല്ലുവച്ച നുണകൾ, വരികൾക്കിടയിൽ' എന്നീ കഥകളിലും സ്ത്രീ മോചനം നേടേണ്ടത് തലമുറകളായി സ്വയം പറഞ്ഞുറപ്പിച്ചതും അടുത്ത തലമുറയ്ക്ക് പറഞ്ഞുകൊടുക്കുന്നതുമായ നുണകളിൽ നിന്നാണ് എന്ന തിരിച്ചറിവ് നൽകുന്നു. ഇന്നത്തെ അണു കുടുംബങ്ങളിലെ സ്ത്രീയുടെ അവസ്ഥയും ഇതിൽ നിന്ന് വ്യത്യസ്തമല്ല. അടുക്കളയിൽ നിന്ന് കുട്ടികളുടെ മുറിയിലേക്കും അവിടെ നിന്ന് ഭർത്താവിന്റെ മുറിയിലേക്കും തിരിച്ച് അടുക്കളയിലേക്കും ഇങ്ങനെ ഒരു ചാക്രികമായ യാത്രയാണ് അവൾക്കുളളത്. 'ഇരുവർ' എന്ന സിനിമയിലെ നായികയെപ്പോലെ വ്യത്യസ്തവും വിരുദ്ധവുമായ രണ്ടു റോളുകളാണ് ഒരേ ജീവിതം കൊണ്ട് ആധുനിക കുടുംബത്തിൽ സ്ത്രീക്ക് നിർവ്വഹിക്കേണ്ടി വരുന്നത്.

ലിംഗപരമായ മേധാവിത്വത്തിൻ കീഴിൽ സ്വന്തം ശരീരത്തിന്മേലുളള അവകാശം പോലും എടുത്തു കളയപ്പെട്ട പെൺ അവസ്ഥയെക്കുറിച്ചാണ് സാറാ ജോസഫ് എഴുതുന്നത്. അടിച്ചമർത്തപ്പെട്ട സ്ത്രീയുടെ മൗനം സാറാ ജോസഫിന്റെ കഥകളിൽ വാക്കുകളായി പുറത്തു വരുന്നു. സാറാ ജോസഫിന്റെ ആദ്യകാല കഥകളെക്കാൾ ഫെമിനിസ്റ്റ് അവബോധം പ്രകടമായി കാണുന്നത് 'പാപത്തറ'യിലാണ്. കാടിന്റെ സംഗീതത്തിൽ നിന്ന് 'സ്കൂട്ടർ' എന്ന കഥയിലേക്കെത്തുമ്പോൾ കുടുംബമെന്ന വ്യവസ്ഥിതിക്കുള്ളിൽ നസ്സഹായയായി നിൽക്കുന്ന സ്ത്രീയിൽ നിന്ന് വിമർശനബുദ്ധിയോടെ കാര്യങ്ങളെ സമീപിക്കുന്ന സ്ത്രീയിലേക്കുള്ള മാറ്റം വ്യക്തമായി കാണുവാൻ കഴിയും. രാധയുടെയും മാധവൻ കുട്ടിയുടെയും ദാമ്പത്യകഥ പറയുന്നു 'ഗ്രാമ്പൂ'. കേടുവന്ന അണപ്പല്ലു പറിക്കുവാൻ ദന്ത വൈദ്യനെ സമീപിക്കുന്ന രാധയുടെ അനുഭവങ്ങളാണ് ഈ കഥ. ജീർണ്ണിച്ചളിഞ്ഞ നിലവിലുളള ദാമ്പത്യ വ്യവസ്ഥയെ കേടുവന്ന പല്ല് സൂചിപ്പിക്കുന്നു. കേടുവന്ന ഒരണപ്പല്ലിലൂടെ ഒരു സ്ത്രീയുടെ കുടുംബ/ദാമ്പത്യ ജീവിതത്തിലെ അനുഭവങ്ങളാണ് കഥാകാരി നമുക്കു മുൻപിൽ തുറന്നിടുന്നത്. സ്വന്തമായൊരു മുറി വെർജീനിയ വൂൾഫിനെപ്പോലെ, സാറാ ജോസഫിനെപ്പോലെ ഏതൊരു സ്ത്രീയുടെയും സ്വപ്നമാണ്. സാറാ ജോസഫിന്റെ കഥകളിൽ ഇതിനായി കൊതിക്കുന്ന സ്ത്രീകളെ ധാരാളം കണ്ടുമുട്ടുവാൻ കഴിയും. പാപത്തറയിൽ ഇത് പെണ്ണു പൂക്കണ നാടായും സ്കൂട്ടർ എന്ന കഥ

യിൽ നായിക പോകുവാനാഗ്രഹിക്കുന്ന തടാകങ്ങളുടെ നാടായും ഈ മുറി മാറുന്നു.

പെണ്ണെഴുത്തിന്റെ പുതിയ മുഖമാണ് സിതാര കാണിച്ചു തരുന്നത്. സമൂഹം കല്പിച്ചിരിക്കുന്ന സ്ത്രീ-പുരുഷ ബന്ധത്തിന്റെ അതിരുകൾ പൊട്ടിച്ചുകളയുന്നതാണ് സിതാരയുടെ കഥകൾ. സ്ത്രീ ലൈംഗികതയാണ് സിതാരയ്ക്കു വിഷയം. ലൈംഗികതയെക്കുറിച്ച് തുറന്നു സംസാരിക്കുവാൻ പോലും മടിയുള്ള ഒരു സമൂഹത്തിനു മുന്നിലേക്ക് എന്തും തുറന്നു പറയാൻ തയ്യാറുള്ള കഥാപാത്രങ്ങളുമായാണ് സിതാര കടന്നു വന്നത്. സ്ത്രീത്വം അപഹരിക്കപ്പെടുന്ന ഒരു പെൺകുട്ടി ഒന്നുകിൽ ആത്മഹത്യ ചെയ്യും അല്ലെങ്കിൽ ഏകാന്തയിൽ വീടിന്റെ ഒരു മൂലയിൽ ജീവിതം കഴിച്ചു കൂട്ടും. ഇതിൽ നിന്നും വ്യത്യസ്തമായി തനിക്കു കിട്ടിയ അപമാനം മനസ്സിലെ അഗ്നിയാക്കി, അതിൽ തന്നെ അപമാനിച്ച, സ്ത്രീത്വത്തെ നശിപ്പിച്ച ആണിന്റെ അഹന്തയെ വെല്ലുവിളിച്ചു കൊണ്ട് നില്ക്കുന്നു അഗ്നിയിലെ പ്രിയ. തന്നെ ബലാത്സംഗം ചെയ്തവരെ അവരുടെ ലൈംഗികശേഷിയെ അപഹസിച്ചുകൊണ്ടാണ് പ്രിയ എതിരിടുന്നത്. പുരുഷകേന്ദ്രിത സങ്കൽപ്പങ്ങളെ തകർക്കുന്നതാണ് 'നീ പോരായിരുന്നു', 'നീ ഒരു അസ്സൽ പുരുഷനാണ്' എന്നീ പ്രതികരണങ്ങൾ. ഇത് സ്ത്രീയുടെ പുതിയ മുഖമാണ്. ഇനിയും വരാനിരിക്കുന്ന മുഖം. സൗന്ദര്യത്തിന്റെ സൗമ്യഭാവമല്ല ഇവിടെ സ്ത്രീക്കുള്ളത്. മറിച്ച് ഭയമില്ലാതെ എതിരിടുന്ന, പൊരുതുന്ന സംസ്കാരമാണ് ഇവിടെ സ്ത്രീക്കുള്ളത്. 'ഇര' എന്ന വസ്തുത ഇവിടെ തകർക്കപ്പെടുന്നു. ബലാൽസംഗം ചെയ്ത പുരുഷനെ പ്രണയം നടിച്ച് കീഴ്പ്പെടുത്തുന്ന മധുര പ്രതികാരമാണ് ഇവിടെ പ്രിയ നടത്തുന്നത്. ഒരു സ്ത്രീയുടെ സ്ത്രീത്വത്തെ ഏറ്റവും ഹീനമായി ചവിട്ടി മെതിച്ചവനൊപ്പം തന്റെ ദാമ്പത്യജീവിതവും പങ്കിടുന്നതിലെ ക്രൂരമായ ആനന്ദം ഇവിടെ സ്ത്രീയുടെ പുതിയ മുഖം തുറന്നിടുന്നു. ഒന്നിനും കീഴ്പ്പെടാതെ എവിടെനിന്നും ഉയർത്തെഴുന്നേല്ക്കാൻ വെമ്പുന്ന സ്ത്രീയുടെ മുഖം.

ലളിതാംബികയിൽ നിന്ന് സിതാര വരെയെത്തുമ്പോൾ സ്ത്രീ നേരിടുന്ന സംഘർഷങ്ങൾ അന്നും ഇന്നും ഒരുപോലെ തന്നെയാണ്. സമൂഹമാധ്യമങ്ങളെല്ലാം തന്നെ ഇന്നും സ്ത്രീയെ കച്ചവടച്ചരക്കായി ഉപയോഗിക്കുന്നു. ഏതുതരം പരസ്യത്തിനും, അടുക്കള സാമഗ്രികൾ മുതൽ പുരുഷൻ ഉപയോഗിക്കുന്ന ഷേവിംഗ് ക്രീമിന്റെയും അടിവസ്ത്രത്തിന്റെയും പരസ്യത്തിൽ വരെ സ്ത്രീ ആണ് മോഡലായി കടന്നുവരുന്നത്. മണിപ്രവാള കാലഘട്ടത്തിൽ സംഭോഗവസ്തുവായി ഉപയോഗിച്ചിരുന്ന സ്ത്രീ ശരീരത്തെ ഇന്ന് കച്ചവട തന്ത്രമാക്കി മാറ്റുന്നു എന്നുമാത്രം. പ്രഷർ കുക്കറിന്റെ എന്നും നാം കാണുന്ന പരസ്യം ഓർത്തുനോക്കൂ. ഭാര്യയുടെ ജോലികളെ എളുപ്പമാക്കുവാൻ ഭർത്താവ് വിലകൂടിയ പ്രഷർ കുക്കർ വാങ്ങി നൽകുന്നു. അപ്പോഴും സമൂഹം/പുരുഷൻ ഉറപ്പിക്കുന്ന മറ്റൊന്ന് അതിലുണ്ട്. സ്ത്രീ എന്നും അടുക്കളയിൽ തളയ്ക്കപ്പെടേണ്ടവളാണ്. അടുക്കളജോലി/കുടുംബഭാരം സ്ത്രീയുടെ മാത്രമാണ്. അതുപോലെതന്നെയാണ് സീരിയലുകളും സിനിമകളും. പുരുഷകേന്ദ്രീകൃത കുടുംബത്തിന്റെ സുസ്ഥിരതയെ/ഉത്തമ ഭാര്യയുടെ, ദാമ്പത്യത്തിന്റെ ലക്ഷണങ്ങളെ അവ ഊട്ടിയുറപ്പിക്കുന്നു. എന്നാൽ ഇവയൊന്നും തന്നെ സ്ത്രീ നേരിടുന്ന/അനുഭവിക്കുന്ന യഥാർത്ഥ പ്രശ്നങ്ങളുമായോ ജീവിതവുമായോ യാതൊരു ബന്ധവും പുലർത്തുന്നില്ല. വിദ്യാഭ്യാസവും ഉയർന്ന ജോലിയും അവൾക്ക് സമൂഹത്തിൽ മാന്യത ലഭിക്കുവാൻ മാത്രമേ ഉതകുന്നുള്ളൂ. കുടുംബത്തിനകത്ത് അവൾക്ക് ഇന്നും ഒറ്റപ്പെടൽ മാത്രമാണ് ബാക്കിയാകുന്നത്. ജോലി ചെയ്ത് തിരിച്ചെത്തുന്ന പുരുഷനെ പരിചരിക്കൽ ജോലി തീർന്നെത്തുന്ന സ്ത്രീയുടെ കർത്തവ്യം തന്നെയാണിന്നും. വീട് പലപ്പോഴും പുരുഷന് വിശ്രമ സങ്കേതമാണ്. എന്നാൽ സ്ത്രീക്ക് അവിശ്രമം പണിയെടുത്ത് നിലനിർത്തേണ്ട ഒരു ബാദ്ധ്യതയാണത്. പുരുഷന്റെ സാമ്പത്തിക ഭാരങ്ങളിൽ സ്ത്രീ പങ്കാളിയാകുമ്പോഴും അവളുടെ വീട്ടുത്തരവാദിത്വങ്ങൾ പങ്കു പറ്റാൻ പുരുഷൻ തയ്യാറാകുന്നില്ല. കാലത്തിനൊത്തു മാറിയ കുറച്ചു പേരുണ്ടാകാം. എന്നാൽ ഒന്നോ രണ്ടോ പേരെ ചൂണ്ടിക്കാണിച്ച് മുഴുവൻ കുടുംബവും അങ്ങനെയാണെന്ന് പറയാൻ കഴിയില്ല. ഇവിടെയാണ് അവൾ വിചാരണ ചെയ്യപ്പെടുന്ന സന്ദർഭങ്ങളെ അതിജീവിക്കുന്ന ഇടത്തിലേക്ക് പെണ്ണെഴുത്തിന്റെ രാഷ്ട്രീയ പരിസരം മാറുന്നത്.

**സഹായകഗ്രന്ഥങ്ങൾ**

1.അഷിത. 1996. അഷിതയുടെ കഥകൾ. ഡി.സി ബുക്സ്, കോട്ടയം

2.ഗീത. 1997. കണ്ണാടികൾ ഉടയ്ക്കുന്നതെന്തിന്. കറന്റ് ബുക്സ്, തൃശ്ശൂർ

3.ഗീത. 2005. പേറ്റുനോവും ഊറ്റുപുണ്യവും. മാതൃഭൂമി ബുക്സ്, കോഴിക്കോട്

4.ഗ്രേസി. 2005. ഗ്രേസിയുടെ കഥകൾ. ഡി.സി ബുക്സ്, കോട്ടയം

5.ചന്ദ്രിക, സി.എസ്. 1998. കേരളത്തിലെ സ്ത്രീ മുന്നേറ്റങ്ങളുടെ ചരിത്രം. കേരളസാഹിത്യ അക്കാദമി, തൃശ്ശൂർ

6. ബിനോയ്, രശ്മി. 2008. ചരിത്രത്തിലെ പെണ്ണിടങ്ങൾ. കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം

7.സിതാര എസ്. 2008. അഗ്നിയും കഥകളും. മാതൃഭൂമി ബുക്സ്, കോഴിക്കോട്

**ആനുകാലികങ്ങൾ**

1.ഉഷാ കുമാരി ജി. പെൺകഥകളുടെ ശരീര രാഷ്ട്രീയം. സാഹിത്യ ലോകം 2011 മെയ്-ജൂൺ

2. ജോർജ്ജ്, മ്യൂസ് മേരി. സ്ത്രീ സമത്വ ചിന്തകളിലെ പ്രകൃതി പാഠങ്ങൾ. വിജ്ഞാനകൈരളി, ആഗസ്റ്റ് 2010.